# പുതിയ നിയമത്തെയും അവർ ദുരുപയോഗപ്പെടുത്തില്ലേ?


**റാശിദ് അലവി**
**(രാജ്യസഭാ അംഗം, ന്യൂദൽഹി)**


**നിയമങ്ങൾക്ക്** ഒരു കുറവുമില്ല നമ്മുടെ നാട്ടിൽ. പക്ഷേ, മുംബൈ ആക്രമണത്തിനു ശേഷം കേന്ദ്ര സർക്കാറിനു മേൽ കടുത്ത സമ്മർദമുണ്ടായി. കടുത്ത നിയമം വേണം (പോട്ട റദ്ദാക്കിയിരുന്നല്ലോ) എന്ന് മുഖ്യപ്രതിപക്ഷം ഒച്ചവെച്ചുകൊണ്ടിരുന്നു. അത് വെറും രാഷ്ട്രീയ പ്രചാരണമായിരുന്നു. അതിൽ വാസ്തവമുണ്ടായിരുന്നില്ല. മുംബൈ ആക്രമണം തടയുന്നതിൽ ഗവൺമെന്റ് പൂർണമായി പരാജയ പ്പെടുകയാണുണ്ടായത്. അതുകൊണ്ടാണ് ആഭ്യന്തരമന്ത്രി രാജിവെച്ചതും പ്രധാനമന്ത്രി മാപ്പു ചോദിച്ച തും. പുതിയ നിയമം വേണമെന്ന കടുത്ത സമ്മർദമുണ്ടാകുന്നത് ഈ അവസരത്തിലാണ്. കേന്ദ്ര സർക്കാർ അത് പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു.

നിയമനിർമാണം കൊണ്ട് ഭീകരപ്രവർത്തനം തടയാനാവില്ലെന്നാണ് എന്റെ അഭിപ്രായം. മുംബൈ ആക്രമണത്തിന് മുമ്പാണ് ഈ നിയമം കൊണ്ടുവന്നത് എന്ന് സങ്കൽപിക്കുക. എങ്കിൽ ആക്രമണത്തെ തടുക്കാൻ ആ നിയമത്തിന് കഴിയുമായിരുന്നില്ല. പ്രതികളെ പിടികൂടിയ ശേഷം എന്തു ചെയ്യണം എന്നാണ് ഈ നിയമത്തിൽ പറയുന്നത്. പിടികൂടുന്നതിന് മുമ്പുള്ള അവസ്ഥയിൽ ഈ നിയമത്തിന് യാതൊരു അർഥവുമില്ല. പക്ഷേ പ്രതിപക്ഷം തെറ്റായ ധാരണകൾ ജനമനസ്സുകളിൽ സൃഷ്ടിച്ചെടു ത്തിട്ടുണ്ട്. ആ ധാരണകളെ തൃപ്തിപ്പെടുത്താനാണ് ഈ നിയമം കൊണ്ടുവന്നത്.

നിയമം നിർമിച്ചതുകൊണ്ട് ഭീകരപ്രവർത്തനം അവസാനിക്കുമെന്ന് കരുതേണ്ടതില്ല. ലോകത്തെ മുഴുവൻ ഭീകരവിരുദ്ധ നിയമങ്ങളും പറയുന്നത്, നിങ്ങൾ കുറ്റം ചെയ്താൽ ശിക്ഷിക്കപ്പെടും, അതിൽ ഏറ്റവും വലുത് വധശിക്ഷയാണ് എന്നാണ്. മരിക്കാൻ ഒരുങ്ങി വരുന്നവനെ ഈ നിയമങ്ങൾക്ക് എങ്ങനെ തടയാനാവും? ഒരു രാഷ്ട്രീയ ആയുധം മാത്രമായി ഈ നിയമത്തെ കാണേണ്ടതില്ല. കടുത്ത സമ്മർദ ങ്ങളുടെ സൃഷ്ടി എന്ന് അതിനെ വിശേഷിപ്പിക്കുന്നതാവും ഉചിതം. ഇന്റലിജൻസ് വിഭാഗങ്ങളുടെ പരാജയം സർക്കാർ തന്നെ സമ്മതിച്ച സ്ഥിതിക്ക് ആ സംവിധാനങ്ങളെ പരിഷ്കരിക്കുന്നതിനും അഴി ച്ചുപണിയുന്നതിനും സർക്കാർ അമാന്തം കാണിക്കരുത്.

നിയമം ദുരുപയോഗം ചെയ്യുമെന്ന ആശങ്ക ഒട്ടും അസ്ഥാനത്തല്ല. പോട്ടയും ടാഡയും ദുരുപ യോഗം ചെയ്ത പോലീസ്, പുതിയ നിയമം ആത്മാർഥതയോടെ നടപ്പാക്കും എന്ന് വിചാരിക്കാൻ ഒരു ന്യായവുമില്ല. വർഗീയവാദികൾ തങ്ങളുടെ അജണ്ട നടപ്പാക്കാനാണ് അതിനെ ഉപയോഗിക്കുക. ഉദാ ഹരണം ഗുജറാത്ത് തന്നെ. അവിടെ ബി.ജെ.പി സർക്കാർ പോട്ട പ്രകാരം 247 പേരെ പിടികൂടി. അതിൽ 246ഉം മുസ്‌ലിംകൾ. ഒരാൾ സിക്കുകാരൻ. ഇങ്ങനെയാണ് നിയമം പ്രയോഗിക്കുന്നതെങ്കിൽ അത് ഭീകരമായിരിക്കും.

ടാഡ പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ട രണ്ടര ശതമാനം ആളുകളെ മാത്രമേ ശിക്ഷിച്ചിട്ടുള്ളൂ. ബാക്കി യുള്ളവരെ വെറുതെ വിട്ടു. പക്ഷേ, എട്ടും പത്തും വർഷത്തെ ജയിൽവാസം കഴിഞ്ഞെത്തുമ്പോ ഴേക്കും അവരുടെ കുടുംബം തകർന്നു കഴിഞ്ഞിട്ടുണ്ടാവും. ഇത് വലിയൊരു പ്രശ്നം തന്നെയാണ്. പോലീസ് സംവിധാനത്തെ അഴിച്ചുപണിതുകൊണ്ട് മാത്രമേ ഈ ദുരുപയോഗത്തെ ചെറുക്കാനാവൂ. ഇതിനായി മുസ്‌ലിംകൾ അവരുടെ രാഷ്ട്രീയ സ്വാധീനം ഉപയോഗിക്കണം എന്നു പറയാൻ എളുപ്പമാ ണ്. പക്ഷേ മുസ്‌ലിംകൾ ഇന്നേവരെ ഒരു രാഷ്ട്രീയ സമ്മർദശക്തിയായി വളർന്നിട്ടില്ല എന്നതാണ് വാസ്തവം. സമ്മർദശക്തി ആകാത്തേടത്തോളം കാലം പറയുന്ന വാക്കുകളൊക്കെ പാഴ്‌വേലയാണ്. രാഷ്ട്രീയ പാർട്ടികളുടെ ചട്ടുകങ്ങളായി മുസ്‌ലിംകൾ നിന്നുകൊടുക്കുന്ന കാലത്തോളം ഈ സ്വപ്നം യാഥാർഥ്യമാവാനും പോകുന്നില്ല. മുസ്‌ലിംകൾ അവരുടേതായ രാഷ്ട്രീയ ശക്തി സ്വരൂപിക്കേണ്ടിയിരി ക്കുന്നു. ■